GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/11/2026

1. സംരക്ഷിത കൃഷിചെയ്യുന്നവർക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ MIDH പദ്ധതികൾക്ക് അപേക്ഷിക്കാം. ഹൈഡ്രോപോണിക്സ് / ഏയിറോപോണിക്കസ് ചെയ്യുന്നതിന് ചതുരശ്രമീറ്ററിന് 175 രൂപ ആനുകൂല്യം ലഭിക്കും ഗുണഭോക്തവിന് പരമാവധി 1000 ചതുരശ്ര മീറ്റർ വരെ ചെയ്യാവുന്നതാണ്. പോളിഹൗസിൽ ഉപയോഗിക്കുന്ന സർക്കുലോഷൻ ഫാനുകൾ സ്ഥാപിക്കുന്നതിന് ഒരു ഫാനിനു 50% പരമാവധി 2500 രൂപാ വരെ സഹായം നൽകും. ഗുണഭോക്താവിന്

പരമാവധി 4000 ചതുരശ്ര മീറ്റർ പോളിഹൗസിൽ 6 ഫാനുകൾക്ക് ആനുകൂല്യം ലഭിക്കു..ഫെർട്ടിഗേഷന് ആവശ്യമായ സെൻസർ ബേസ്ഡ് ഓട്ടോമേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് യൂണിറ്റ് 1 ന് 50% പരമാവധി 2 ലക്ഷം രൂപാ വരെ സഹായം നൽകും. പരമാവധി 4000 ചതുരശ്ര മീറ്റർ സംരക്ഷിത കൃഷി ചെയ്യുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഓഫീസുകൾ പഞ്ചായത്ത് തലം കൃഷി ഭവനുകൾ, ജില്ലാ തലം ജില്ലാ ഹോർട്ടികൾച്ചർ മിഷൻ, സംസ്ഥാന തലം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളം, തിരുവനന്തപുരം.

2. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർബാൻഡ്, കൈയ്യുറ, കയർ ഫോം, കാർപറ്റ് ബാക്കിങ്, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണവും ഗുണമേന്മാനിയന്ത്രണവും, റബ്ബർപാൽ സംഭരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, എന്നിവയിലുള്ള പരിശീലനം നവംബർ 02 മുതൽ 06 വരെയുള്ള തീയതികളിൽ കോട്ടയത്തെ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ടെയിനിങ്ങിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക്

0481-2353127, 9497487209, 04812353201 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടുക.

3. ഖാദി & വില്ലേജ് ഇൻഡസ്ട്രിസ് കമ്മീഷൻ (KVIC) തൃശ്ശൂർ സ്റ്റൈപെന്റോടുകൂടി ഒരു മാസത്തെ തേനീച്ച വളർത്തൽ സർട്ടിഫിക്കറ്റ് പരിശീലനം KVIC Multi Disciplinary Training Centre, നാടത്തറ പി.ഒ., തൃശ്ശൂരിൽ വച്ച് സംഘടിപ്പിക്കുന്നു. നവംബർ 2 മുതൽ 1 മാസക്കാലത്തേക്ക് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണിവരെയാണ് പരിശീലനം. പ്രായപരിധി 18 മുതൽ 45 വയസ്സ് വരെ രജിസ്ട്രേഷൻ ഫീസ് 50 രൂപ. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും - 8330041363 , 0487 2370681 എന്നീ ഫോൺ നമ്പറുകളിൽ (രാവിലെ 9:30 മുതൽ വൈകുന്നേരം 5 വരെ) ബന്ധപ്പെടാവുന്നതാണ്.

4. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്നിൽ 2027 വർഷത്തെ പാൽകാർഡിനായുള്ള നിർദ്ദിഷ്ട ഫോർമാറ്റിലുള്ള അപേക്ഷകൾ 02/11/2026 മുതൽ 16/11/2026 വരെ രാവിലെ 11.00 മണി മുതൽ 1.00 മണി വരെയും 2.00 മണി മുതൽ 4.00 മണി വരെയും (അവധി ദിവസങ്ങൾ ഒഴികെ) തീയതികളിൽ പൊതുജനങ്ങളിൽ നിന്നും ഫാം ഓഫീസിൽ സ്വീകരിക്കുന്ന വിവരം അറിയിക്കുന്നു. അപേക്ഷ പരിസരത്തുള്ള കോർപ്പറേഷൻ വാർഡായ കുടപ്പനക്കുന്ന്,

പാതിരാപ്പള്ളി, ചെട്ടിവിളാകം, കിണവൂർ, അമ്പലമുക്ക് എന്നിവിടങ്ങളിലും കരകുളം ഗ്രാമ പഞ്ചായത്തു വാർഡുകളായ വഴയില, കല്ലയം, പ്ലാവുവിള, നെടുംപാറ, നെടുമൺ എന്നിവിടങ്ങലിൽ സ്ഥിരതാമസക്കാരായ റേഷൻ കാർഡുള്ള കുടുംബങ്ങളിൽ നിന്നും സ്വീകരിക്കുന്നു. ഒരു വ്യക്തിയിൽ നിന്നും ഒരു റേഷൻ കാർഡ് മുഖേന ഒരു അപേക്ഷ മാത്രമേ സ്വീകരിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന *"Introduction to Generative AI"* എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് **നവംബർ 6** ന് ആരംഭിക്കുന്നു. നവംബർ 16 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കില് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **നവംബർ 6** മുതൽ യുസർ ഐ. ഡി.യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും

രജിസ്ട്രേഷനും 0487-2438566 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

.